## 15 -ാം കേരള നിയമസഭ

## 12 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1957** **11-10-2024 - ൽ മറുപടിയ്ക്ക്**

## കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷനിലെ ജീവനക്കാരുടെ ഒഴിവുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷനിൽ ജീവനക്കാരുടെ എത്ര സ്ഥിരം തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുണ്ടെന്ന് അറിയിക്കുമോ; പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; | (എ) | കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷനിലെ സ്റ്റാഫ് പാറ്റേൺ പ്രകാരമുള്ള തസ്തികകളുടെ എണ്ണം നേരിട്ടുള്ള നിയമനത്തിനും, പ്രൊമോഷൻ നിയമനത്തിനും, ഔട്ട്സോഴ്സിംഗിനുമായി വ്യവസ്ഥ ചെയ്തിരിക്കുന്നു. ആകെ 270 സ്ഥിര തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നു. ആയതിൽ 92 തസ്തികകളിലേക്കുള്ള ഒഴിവുകൾ പി.എസ്സ്.സി. വഴി നികത്തുവാനുണ്ട്. പി.എസ്സ്.സിയിൽ നിന്നും നിയമന ശുപാർശ ലഭ്യമാകുന്ന മുറക്ക് ടി തസ്തികകൾ നികത്തുന്നതാണ്. 178 തസ്തികകൾ പ്രൊമോഷൻ മുഖാന്തിരം നികത്തുന്നതിനായി വ്യവസ്ഥ ചെയ്തിരിക്കുന്നു. റിക്രൂട്ട്മെന്റ് റൂൾസ് അനുസരിച്ച് പ്രൊമോഷൻ വഴി നികത്തുന്നതിന് വ്യവസ്ഥ ചെയ്തിരിക്കുന്ന തസ്തികകളിൽ യോഗ്യത നേടിയ ജീവനക്കാർക്ക്/ ഉദ്യോഗസ്ഥർക്ക് പ്രൊമോഷൻ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷനിലെ ഏതെല്ലാം തസ്തികകളിലേക്കാണ് പി.എസ്.സി. വഴി നിയമനം നടത്തുന്നതെന്ന് അറിയിക്കുമോ; നാളിതുവരെ ഏതെല്ലാം തസ്തികകളിലായി എത്ര നിയമനം പി.എസ്.സി. വഴി നടന്നിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ബി) | കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷനിലെ മാനേജിംഗ് ഡയറക്ടർ ഒഴികെ ഉള്ള എല്ലാ തസ്തികകളിലും പി.എസ്.സി നിയമനം ബാധകമാക്കിയിട്ടുള്ളതാണ്.<br><br>സ്റ്റാഫ് റെഗുലേഷന്റെ പരിധിയിൽ വരുന്ന അസിസ്റ്റന്റ് മാനേജർ തസ്തികകൾ മുതൽ ജനറൽ മാനേജർ തസ്തിക വരെ പ്രൊമോഷൻ വഴി നികത്തുന്നതാണ് തുടർന്നുവന്നിരുന്ന രീതി. ഫെഡറേഷനിലെ നിയമനങ്ങൾ 1995-ൽ പി.എസ്സ്.സി.-ക്ക് വിട്ടുവെങ്കിലും 2011-ലാണ് റിക്രൂട്ട്മെന്റ് റൂൾസ് അംഗീകരിച്ചത്. അതനുസരിച്ച് 2011-ൽ തന്നെ ഒഴിവുകൾ പി.എസ്സ്.സിക്ക് റിപ്പോർട്ട് ചെയ്തിരുന്നുവെങ്കിലും 2014-ലാണ് ഓഫീസർ തസ്തികയിൽ ആദ്യ നിയമനം നടക്കുന്നത്. 1995-ൽ പി.എസ്സ്.സി.-ക്ക് വിട്ടതിനുശേഷം 2011-ൽ |

| | | | |
|---|---|---|---|
| | | | റിക്രൂട്ട്മെന്റ് റൂൾസ് അംഗീകരിക്കുന്നതുവരെയുള്ള കാലയളവിൽ റിക്രൂട്ട്മെന്റ് നടക്കാത്തതിനാൽ ഉയർന്ന തസ്തികകളിൽ പരിചയസമ്പന്നരായ ഉദ്യോഗസ്ഥരുടെ അഭാവം ഉണ്ടായിട്ടുണ്ട്. കൂടാതെ, നിയമന ഉത്തരവ് ലഭ്യമായി ജോലിയിൽ പ്രവേശിക്കുന്ന ഭൂരിഭാഗം ഉദ്യോഗാർത്ഥികളും മറ്റ് ജോലികൾ ലഭ്യമായി വിട്ടുതൽ ചെയ്തുപോകുന്നതും ടി തസ്തികകളിലെ ഉദ്യോഗസ്ഥരുടെ അഭാവത്തിന് കാരണമായിട്ടുണ്ട്. ആയതിനാൽ ടി തസ്തികകളിൽ പരിചയസമ്പന്നരായ ഉദ്യോഗസ്ഥരെ മേഖലാ യൂണിയനുകളിൽ നിന്നും ഡെപ്യൂട്ടേഷനിൽ, ഭരണസമിതി തീരുമാനപ്രകാരവും കേരള സഹകരണ നിയമ പ്രകാരവുമാണ് നിയമിച്ചിട്ടുള്ളത്.<br><br>പി.എസ്സ്.സി. മുഖാന്തിരമുള്ള നിയമനങ്ങളിൽ നിലവിൽ കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷനിൽ തുടരുന്നവരുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം</u>

| Sl.No. | Name of Post | Appointed through PSC |
|---|---|---|
| 1 | Assistant Manager | 6 |
| 2 | Officer | 16 |
| 3 | Assistant Officer | 11 |
| 4 | Marketing Organizer | 1 |
| 5 | Secretariat Assistant | 4 |
| 6 | Junior Asst/Sr.Asst/Junior Supdt | 12 |
| 7 | Lab Assistant | 6 |
| 8 | Technician | 52 |
| 9 | Driver Cum Office Attender | 1 |
| **Advice received and appointment pending** | | |
| 10 | Worker | 38 |
| **Advice received and appointment order issued** | | |
| 11 | Asst.Officer | 1 |
| 12. | Technician | 1 |
| | Total | 149 |